# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 07.07.2026**

### പ്രധാനവാർത്തകൾ

1) ഇന്തോനേഷ്യൻ പാർലമെൻറിൻറെ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി. ഭീകരതയ്ക്കെതിരായ സംയോജിത പ്രവർത്തനങ്ങൾക്ക് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി.

2) വയനാട് കള്ളാടി തുരങ്കപാത നിർമ്മാണ പ്രദേശത്തുണ്ടായ മണ്ണിടിച്ചിലിൽ മരണം മൂന്നായി. ചികിത്സയിലുള്ളത് 10 പേർ. പ്രദേശത്ത് തിരച്ചിൽ പുരോഗമിക്കുന്നു.

3) തുരങ്കപാത നിർമാണവുമായി ബന്ധപ്പെട്ട് കൂട്ടിയിട്ടിരുന്ന മണ്ണ് നീക്കണമെന്ന നിർദ്ദേശം ജൂൺ 20 ന് തന്നെ നല്കിയിരുന്നതായി മുഖ്യമന്ത്രി വി ഡി സതീശൻ. മനുഷ്യനിർമിത ദുരന്തമാണിതെന്ന് മന്ത്രി ടി. സിദ്ദിഖ്.

4) അതിതീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത നൽകി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വയനാട് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി.

RNU TVPM

5) ലഹരി വ്യാപനത്തിനെതിരെ സർക്കാർ നടപ്പാക്കുന്ന പ്രവർത്തനങ്ങൾക്ക് പൊതുസമൂഹം പിന്തുണ നൽകണമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല

6) ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് അർജൻറീന- ഈജിപ്റ്റിനെ നേരിടും. രാത്രി 9.30നാണ് മത്സരം.

****************

## പ്രധാനമന്ത്രി - ഇന്തോനേഷ്യ

ഇന്തോനേഷ്യൻ പാർലമെൻറിൻറെ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി. ഭീകരതയ്ക്കെതിരായ സംയോജിത പ്രവർത്തനങ്ങൾക്ക് അദ്ദേഹം ആഹ്വാനം ചെയ്തു. ഇന്ത്യയും ഇന്തോനേഷ്യയും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്താൻ നിരവധി അവസര ങ്ങൾ മുന്നിലുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. ത്രിരാഷ്ട്ര പര്യടനത്തിൻറെ ഭാഗമായി ജക്കാർത്തയിലെത്തിയ അദ്ദേഹം ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്തോയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. നിർമിത ബുദ്ധി, അടക്കമുള്ള മേഖലകളിൽ സാങ്കേതിക സഹകരണം ശക്തിപ്പെടുത്തുന്നതിന് സുപ്രധാന കരാറുകളിലും ഇരു രാജ്യങ്ങളും ഒപ്പുവച്ചു

****************

## വയനാട് മണ്ണിടിച്ചിൽ (ഇൻട്രോ)

വയനാട് കള്ളാടി തുരങ്കപാത നിർമ്മാണ പ്രദേശത്തുണ്ടായ മണ്ണിടിച്ചിലിൽ മൂന്ന് മരണം സ്ഥിരീകരിച്ചു. 18 പേരാണ് അപകടത്തിൽപ്പെട്ടത്. ഇതിൽ പത്ത് പേരെ പരുക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവശേഷിക്കുന്ന അഞ്ച് പേർക്കായി പ്രദേശത്ത് തെരച്ചിൽ തുടരുകയാണ്.

PRD TVPM

വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ് ......
(വോയിസ്)
ശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് വയനാട് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി പ്രഖ്യാപിച്ചിരിക്കുകയാണ്.

****************

<u>വയനാട് - മുഖ്യമന്ത്രി ( ഇൻട്രോ )</u>

വയനാട് മണ്ണിടിച്ചിൽ അപകടം ദൗർഭാഗ്യകരമായ സംഭവമാണെന്നും, തുരങ്കപാത നിർമാണവുമായി ബന്ധപ്പെട്ട് കൂട്ടിയിട്ടിരുന്ന മണ്ണ് നീക്കണമെന്ന നിർദ്ദേശം ജൂൺ 20 ന് തന്നെ നല്കിയിരുന്നതാണെന്നും മുഖ്യമന്ത്രി വി ഡി സതീശൻ. എന്നാൽ കരാറുകാർ ഈ നിർദേശങ്ങൾ പാലിച്ചില്ലെന്നും അദ്ദേഹം വിമർശിച്ചു.

(ഹോൾഡ് വോയിസ് )

****************

<u>വയനാട് ടി. സിദ്ദിഖ്/</u>

വയനാട് കള്ളാടിയിൽ ഉണ്ടായത് ഉരുൾപൊട്ടലല്ലെന്നും, ശാസ്ത്രീയമല്ലാത്ത രീതിയിൽ മണ്ണ് കൂട്ടിയിട്ടതുമൂലം ഉണ്ടായ മനുഷ്യനിർമിത ദുരന്തമാണെന്നും മന്ത്രി ടി. സിദ്ദിഖ്. മഴക്കാലത്ത് ഇത്തരം മണ്ണ് നീക്കലും സംഭരണവും പൂർണമായി നിർത്തിവയ്ക്കണമെന്നും അപകടസാധ്യത നേരിടുന്ന കുടുംബങ്ങളെ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കണമെന്നും കർശന നിർദ്ദേശം നൽകിയിരുന്നു. നിർദ്ദേശങ്ങൾ എന്തുകൊണ്ടാണ് നടപ്പാക്കാതിരുന്നതെന്ന് പരിശോധിച്ച് കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി വ്യക്തമാക്കി.

****************

RNU TVPM

## പിണറായി വിജയൻ-വയനാട് ദുര ന്തം

സർക്കാരിന്റെയും ദുരന്തനിവാരണ വകുപ്പിന്റെയും പ്രവർത്തനങ്ങൾക്ക് പിന്തുണ അറിയിച്ച് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ . ദുരന്തത്തിൽ ജീവഹാനി സംഭവിച്ചവരുടെ കുടുംബങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നതായി പറഞ്ഞ അദ്ദേഹം ദുരന്തബാധിതർക്ക് സർക്കാർ ധനസഹായം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടു .

****************

## കാലാവസ്ഥ

അതിതീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത നൽകി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു . തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ഒഴികെ എല്ലാ ജില്ലകളിലും നാളെ മഞ്ഞ ജാഗ്രതയാണ് . കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

RNU TVPM

****************

## സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറായി മുൻ ജില്ലാ ജഡ്ജി എൻ. ശേഷാദ്രിനാഥൻ ചുമതലയേറ്റു. കോഴിക്കോട് സ്വദേശിയായ എൻ. ശേഷാദ്രിനാഥന് നിയമരംഗത്ത് നീണ്ട കാലത്തെ പരിചയസമ്പത്തുണ്ട്. എ.ഷാജഹാൻ വിരമിച്ച ഒഴിവിലാണ് നിയമനം.

****************

## സെൻസസ് (ഇൻട്രോ)

സംസ്ഥാനത്ത് സെൻസസ് 2027 ൻറെ ഭാഗമായുള്ള വീടുകളുടെ വിവരശേഖരണം തുടരുന്നു. വീടുകളിൽ എത്തുന്ന എന്യുമറേറ്റർമാരോട് പൂർണമായും

സഹകരിക്കണമെന്ന് ചലച്ചിത്ര താരം മോഹൻലാൽ അഭ്യർത്ഥിച്ചു (വോയിസ് )

****************

## രമേശ് ചെന്നിത്തല

ലഹരി വ്യാപനത്തിനെതിരെ സർക്കാർ സംവിധാനങ്ങൾ നടപ്പാക്കുന്ന പ്രവർത്തനങ്ങൾക്ക് പൊതുസമൂഹം പിന്തുണ നൽകണമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. തൂഫാൻ ലഹരി പ്രതിരോധ ക്യാമ്പയിനിൻറെ ഭാഗമായി സംഘടിപ്പിച്ച 'തൂഫാനൊപ്പം എന്റെ വിദ്യാലയം' പരിപാടിയുടെ ഉദ്ഘാടനം കൊല്ലത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഓപ്പറേഷൻ തൂഫാൻറെ വിജയത്തിനായി കൂടുതൽ പിന്തുണ നൽകിയത് സ്ത്രീസമൂഹമാണെന്നും എല്ലാവിഭാഗം ജനങ്ങളും ഇതിനായി കൈകോർക്കണമെന്നും അദ്ദേഹം പറഞ്ഞു.

RNUTVPM

****************

## കെ.മുരളീധരൻ

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രോഗികളെ തറയിൽ കിടത്താൻ പാടില്ലായെന്ന നിലപാടുമായി സർക്കാർ മുന്നോട്ടുപോകുകയാണെന്ന് മന്ത്രി കെ.മുരളീധരൻ. പുലയനാർകോട്ട ആശുപത്രിയിൽ 200 ഓളം കിടക്കകൾ സജീകരിച്ചുകൊണ്ട് പനിബാധിച്ച രോഗികളെ ഇവിടേക്ക് മാറ്റുമെന്നും മന്ത്രി തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.

****************

## സിനിമാനയം - വിഷ്ണു നാഥ്

സംസ്ഥാനത്ത് സിനിമാനയം ഉടൻ പ്രഖ്യാപിക്കുമെന്ന് മന്ത്രി പി.സി വിഷ്ണു നാഥ്. സിനിമ മേഖലയ്ക്ക് വ്യവസായ പദവി കൊടുക്കുക എന്നതാണ് സർക്കാരിൻറെ നയം. ഇതിൻ്റെ കരട് തയ്യാറായി കൊണ്ടിരിക്കുകയാണെന്നും ചർച്ചകൾക്ക് ശേഷം ഉത്തരവ് ഇറങ്ങുമെന്നും അദ്ദേഹം അമ്പലപ്പുഴയിൽ പറഞ്ഞു.

****************

## ബ്രിക്സ് വനിതാ മന്ത്രിതല യോഗം

ബ്രിക്സ് വനിതാ മന്ത്രിതല യോഗത്തിന് കൊച്ചിയിൽ നാളെ തുടക്കം. രണ്ട് ദിവസത്തെ യോഗത്തിൽ കേന്ദ്ര വനിതാ ശിശുവികസന വകുപ്പ് മന്ത്രി അന്നപൂർണാ ദേവി പങ്കെടുക്കും. ബ്രിക്സ് വനിതാ പ്രവർത്തക സമിതിയുടെ യോഗം ഇന്നലെയും ഇന്നുമായി കൊച്ചിയിൽ നടന്നു.

****************

## പിഎസ്‌സി

കേരള പിഎസ്‌സി യെക്കുറിച്ച് പ്രചരിക്കുന്ന വസ്തുത വിരുദ്ധമായ വാർത്തകൾ ഖേദകരമാണെന്ന് പിഎസ്‌സി പ്രസ്താവനയിൽ അറിയിച്ചു. നിരവധി നിയമന പ്രക്രിയകൾ നടക്കുമ്പോൾ അത്യപൂർവ്വമായി ഉണ്ടാകുന്ന പിശകുകളെ പർവ്വതീകരിക്കുന്ന രീതിയിൽ നിന്ന് മാധ്യമങ്ങൾ വിട്ടുനിൽക്കണമെന്നും കമ്മീഷൻ അഭ്യർത്ഥിച്ചു.

RNU TVPM

****************

## ഫിഫ

ഫിഫ ലോകകപ്പ് പ്രീ-ക്വാർട്ടറിൽ ഇന്ന് രാത്രി 9.30ന് നിലവിലെ ചാമ്പ്യൻമാരായ അർജൻറീന- കരുത്തരായ ഈജിപ്തിനെ നേരിടും. ലയണൽ മെസ്സിയും, മുഹമ്മദ് സലായും നേർക്കുനേർ വരുന്ന പോരാട്ടത്തിനായി ഫുട്ബോൾ ലോകം ആവേശപൂർവ്വം കാത്തിരിക്കുകയാണ്. രാത്രി 1.30 ന് നടക്കുന്ന മത്സരത്തിൽ കൊളംബിയ,സ്വിറ്റ്സർസൻഡിനെ നേരിടും.

****************

## ഇന്ത്യ-ഇംഗ്ലണ്ട് ട്വന്റി 20

ഇന്ത്യ-ഇംഗ്ലണ്ട് ട്വന്റി 20 പരമ്പരയിലെ മൂന്നാം മത്സരം ഇന്ന്. ഇന്ത്യൻ സമയം രാത്രി 10 മണിക്ക് ഇംഗ്ലണ്ടിലെ ട്രെൻറ് ബ്രിഡ്ജ് ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം. പരമ്പരയിൽ ഇംഗ്ലണ്ട് 1-0ന് മുന്നിലാണ്.

****************

## ഓഹരി / സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം . സെൻസെക്സ് 104 പോയിന്റ് ഇടിഞ്ഞ് 78,181 ലും നിഫ്റ്റി 32 പോയിന്റ് നഷ്ടത്തിൽ 24,399 ലും വ്യാപാരം അവസാനിപ്പിച്ചു . സ്വർണ്ണ വില കുറഞ്ഞു . പവന് 1,000 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 6,520 രൂപയും ഗ്രാമിന് 13,315 രൂപയുമാണ് ഇന്നത്തെ വില

****************

## നെല്ലിയാമ്പതി ചുരം

നെല്ലിയാമ്പതി ചുരം റോഡിൽ യാത്രക്കാർക്കും വാഹനങ്ങൾക്കും ഏർപ്പെടുത്തിയിരുന്ന എല്ലാവിധ കർശന നിയന്ത്രണങ്ങളും പിൻവലിച്ചതായി പാലക്കാട് ജില്ലാ കലക്ടർ. ജില്ലയിൽ മഴയുടെ തീവ്രത ഗണ്യമായി കുറഞ്ഞ സാഹചര്യത്തിലാണ് നടപടി.

****************

## കാട്ടാന - കുട്ടമ്പുഴ

കോതമംഗലം കുട്ടമ്പുഴയിൽ ജനവാസ മേഖലയിലെ കിണറ്റിൽ അകപ്പെട്ട കാട്ടാനയെ മണിക്കൂറുകൾ നീണ്ട പരിശ്രമങ്ങളിലൂടെ കരക്കെത്തിച്ച് വനംവകുപ്പ് . ഇന്ന് പുലർച്ചെയോടെയാണ് കൂട്ടംതെറ്റിയെത്തിയ കാട്ടാന കൂവപ്പാറയിലെ സ്വകാര്യ വ്യക്തിയുടെ കിണറ്റിൽ വീണത്. ആനയുടെ ആരോഗ്യനില തൃപ്തികരമാണെന്ന് വനംവകുപ്പ് അധികൃതർ അറിയിച്ചു.

****************

## ആത്മനിർഭർ പഞ്ചായത്ത്

കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയവും കേരള തദ്ദേശ സ്വയം ഭരണ വകുപ്പും സംയുക്തമായി സംഘടിപ്പിച്ച ആത്മനിർഭർ പഞ്ചായത്ത് ഔട്ട്റീച്ച് ശില്പശാല സമാപിച്ചു. കളമശ്ശേരിയിൽ നടന്ന പരിപാടി മന്ത്രി കെ എം ഷാജി ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാർ നൽകുന്ന

RNUTVPM

ഗ്രാന്റുകളെ മാത്രം ആശ്രയിച്ചു മുന്നോട്ടുപോകുന്ന രീതി മാറണമെന്നും, തനതുവരുമാനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തത കൈവരിക്കണമെന്നും മന്ത്രി പറഞ്ഞു . രാവിലെ നടന്ന ചടങ്ങിൽ കേന്ദ്ര പഞ്ചായത്തി രാജ് മന്ത്രാലയം സെക്രട്ടറി വിവേക് ഭരദ്വാജ് ഭദ്രദീപം കൊളുത്തി.

****************

*************

******

RNU TVPM